നം. സി.ഇ.ഇ/2424/09/സി.എ.പി-2010/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

**പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനം 2010 - കുറ്റിപ്പുറം, എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ബി.ആർക് കോഴ്സിലേയ്ക്കുള്ള മുസ്ലീം മൈനോറിറ്റി ക്വാട്ട സീറ്റ് പ്രവേശനം**

കേരള സർക്കാരിന്റെ ഉത്തരവുകൾ പ്രകാരം, ന്യൂനപക്ഷ പദവിയുള്ള വിവിധ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന 50% സീറ്റുകളിലെ 20% സീറ്റുകൾ, പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന സമുദായത്തിലെ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. **കുറ്റിപ്പുറം, എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ബി.ആർക് കോഴ്സിലേയ്ക്ക്** മുസ്ലീം ന്യൂനപക്ഷ സമുദായത്തിനായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് പരിഗണിക്കപ്പെടുവാൻ താല്പര്യമുള്ള മുസ്ലീം ന്യൂനപക്ഷ സമുദായങ്ങളിൽപ്പെടുന്നവരും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുമായ വിദ്യാർത്ഥികൾ വില്ലേജ് ആഫീസിൽ നിന്നും ലഭിക്കുന്ന സമുദായ സർട്ടിഫിക്കറ്റ് **08.07.2010 (വ്യാഴാഴ്ച)** വൈകുന്നേരം 5 മണിക്ക് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്. സമുദായ സർട്ടിഫിക്കറ്റിൽ അർഹതപ്പെട്ട സമുദായത്തിന്റെ പേര് വ്യക്തമാക്കിയിരിക്കണം.

പ്രവേശന പരീക്ഷയുടെ അപേക്ഷാ ഫോമിൽ വില്ലേജ് ആഫീസർ നൽകിയിട്ടുള്ള ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും സമർപ്പിച്ച് മുസ്ലീം സാമുദായിക സംവരണത്തിന് അർഹത നേടിയിട്ടുള്ള വിദ്യാർത്ഥികൾ, ജാതി സർട്ടിഫിക്കറ്റ് വീണ്ടും സമർപ്പിക്കേണ്ടതില്ല. എന്നാൽ നാലര ലക്ഷം രൂപയിൽ കൂടുതൽ കുടുംബവാർഷിക വരുമാനമുള്ളവർ, ഈ സീറ്റുകളിലേക്ക് പരിഗണിക്കപ്പെടാൻ പുതുതായി വില്ലേജ് ഓഫീസിൽ നിന്നുള്ള ജാതി/സമുദായ സർട്ടിഫിക്കറ്റ് മേൽപ്പറഞ്ഞ തീയതിയ്ക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്.

മുസ്ലീം ന്യൂനപക്ഷ സമുദായങ്ങൾക്കു മാത്രമായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റിന് വാർഷിക കുടുംബ വരുമാനം പരിഗണിക്കുന്നതല്ല. സമുദായ സർട്ടിഫിക്കറ്റുകൾ (ഒറിജിനൽ/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്), വിദ്യാർത്ഥിയുടെ അഡ്മിറ്റ് കാർഡിന്റെ പകർപ്പിനോടൊപ്പം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ **08.07.2010 (വ്യാഴാഴ്ച)** വൈകുന്നേരം 5 മണിക്ക് മുൻപ് ലഭിച്ചിരിക്കണം. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്താത്തതും, ഫാക്സ് മുഖേന ലഭിക്കുന്നതും, നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതുമായ സർട്ടിഫിക്കറ്റുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
02.07.2010